തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് ക്ളാർക്ക്-കാഷ്യർ ലിസ്റ്റ്

22 (4077) ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 31-5-2010-ൽ നിലവിൽ വന്ന തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് ക്ളാർക്ക്-കാഷ്യർ ലിസ്റ്റിൽ നിന്നും നിയമനത്തിനായി എത്ര ഒഴിവു കളാണ് റിപ്പോർട്ട് ചെയ്തത് ;

(ബി) പ്രസ്തുത തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചപ്പോൾ ആകെ എത്ര ഒഴിവുകളാണ് ഉണ്ടായിരുന്നത് ;

(സി) പെൻഷൻ പ്രായം ഏകീകരിച്ചതിന്റെ അടിസ്ഥാനത്തിൽ വേക്കൻസികൾ മുൻപേ റിപ്പോർട്ട് ചെയ്യണം എന്നതിനാൽ 2011 മാർച്ച് 31 വരെയുള്ള കാലയളവിൽ ഉണ്ടാകുന്ന എത്ര വേക്കൻസികളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 31-5-2010-ൽ നിലവിൽ വന്ന തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് ക്ളാർക്ക്-കാഷ്യർ ലിസ്റ്റിൽ നിന്നും നിയമനത്തിനായി 70 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിച്ചപ്പോൾ 70 ഒഴിവുകൾ ഉണ്ടായിരുന്നു.

(സി) 55 വയസ്സിൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന ജീവന ക്കാർക്കാണ് പെൻഷൻ പ്രായം ഏകീകരണം ബാധകമാക്കിയിട്ടുള്ളത്. സഹകരണ സ്ഥാപനങ്ങളിൽ വിരമിക്കൽ പ്രായം 58 വയസ്സാണ്. സഹകരണ സ്ഥാപനങ്ങളിൽ പെൻഷൻ പ്രായം ഏകീകരിച്ചിട്ടില്ലാത്തതിനാൽ 2011 മാർച്ച് 31 വരെയുള്ള കാലയളവിലുണ്ടാകുന്ന വേക്കൻസികൾ റിപ്പോർട്ട് ചെയ്യാൻ കഴിയുന്നതല്ല.

ഹോസ്ദുർഗ്ഗ് മണ്ഡലത്തിലെ കൺസ്യൂമർഫെഡ് സ്ഥാപനങ്ങൾ

23 (4078) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്യൂമർഫെഡിന്റെ കീഴിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് ഇപ്പോൾ പ്രവർത്തിച്ചു വരുന്നതെന്ന് വിശദീകരിക്കുമോ ;

(ബി) ഹോസ്ദുർഗ്ഗ് മണ്ഡലത്തിൽ അവയിൽ എത്ര സ്ഥാപനങ്ങൾ ഏതെല്ലാം സ്ഥലത്ത് പ്രവർത്തിക്കുന്നുണ്ട് ; ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പും വന്നതിനുശേഷവും ഉള്ളവ തരംതിരിച്ച് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൺസ്യൂമർഫെഡിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളും അവയുടെ എണ്ണവും ചുവടെ ചേർക്കുന്ന പ്രകാരമാണ് :

(എ) വ്യാപാര വിഭാഗം

ത്രിവേണി സൂപ്പർ മാർക്കറ്റ്/ലിറ്റിൽ	
ത്രിവേണി സൂപ്പർ മാർക്കറ്റ്	- 111
ത്രിവേണി മെഗാ സൂപ്പർ മാർക്കറ്റ്	- 8
മൊബൈൽ ത്രിവേണി	- 2
ഫ്ളോട്ടിംഗ് ത്രിവേണി സൂപ്പർ സ്റ്റോർ	- 1
ത്രിവേണി ഉച്ചഭക്ഷണ യൂണിറ്റ്	- 1
ത്രിവേണി കോഫീ ഹൗസ്	- 5
ത്രിവേണി ഗോഡൗണുകൾ	- 26
ജില്ലാ നീതി വിതരണ കേന്ദ്രങ്ങൾ	- 14
നീതി മെഡിക്കൽ വെയർ ഹൗസുകൾ	- 4
നീതി മെഡിക്കൽ സ്റ്റോർ	- 51
ത്രിവേണി നോട്ട്ബുക്ക് യൂണിറ്റ്	- 1
കമ്പ്യൂട്ടർ സ്റ്റേഷനറി യൂണിറ്റ്	- 1
'ഹറികറി മസാല' പൗഡറിംഗ് യൂണിറ്റ്	- 1
നീതി ഗ്യാസ് പ്ലാന്റ്	- 1
ഇൻഡ്യൻ നിർമ്മിത വിദേശമദ്യ ചില്ലറ വിൽപ്പന യൂണിറ്റുകൾ	- 46
ബിയർ ഷോപ്പുകൾ	- 3

(ബി) ഭരണവിഭാഗം

ഹെഡാഫീസ്	- 1
റീജിയണൽ ഓഫീസുകൾ	- 7
ആകെ	- 284

(ബി) ഹോസ്ദുർഗ്ഗ് മണ്ഡലത്തിൽ കൺസ്യൂമർ ഫെഡറേഷന്റെ 4 സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്.

1. ത്രിവേണി മെഗാ സൂപ്പർ മാർക്കറ്റ്, കാഞ്ഞങ്ങാട്
2. ത്രിവേണി കോഫി ഹൗസ്, കാഞ്ഞങ്ങാട്

3. നീതി മെഡിക്കൽ സ്റ്റോർ, കാഞ്ഞങ്ങാട്

4. ത്രിവേണി സൂപ്പർ മാർക്കറ്റ്, ചെറുവത്തൂർ

ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുൻപ് ഹോസ്ദുർഗ്ഗ് മണ്ഡലത്തിൽ കൺസ്യൂമർ ഫെഡറേഷന്റെ സ്ഥാപനങ്ങളൊന്നും പ്രവർത്തിച്ചിരുന്നില്ല. മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള 4 സ്ഥാപനങ്ങളും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ചവയാണ്.

സഹകരണ വകുപ്പിലെ ആർബിട്രേഷൻ, എക്സിക്യൂഷൻ നടപടികൾ

24 (4079) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പിൽ ആർബിട്രേഷൻ, എക്സിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിന് അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥർക്ക് എന്തെല്ലാം അധികാരങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അർദ്ധജുഡീഷ്യൽ സംവിധാനത്തിൽപ്പെട്ട ഇവർക്ക് കേസുകളിൽ വിചാരണ നടത്തുന്നതിന് എന്തെങ്കിലും സൗകര്യം സർക്കാർ നൽകിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ കോടതിയിലെപോലെ നടപടികൾ സ്വീകരിക്കേണ്ട ഈ സംവിധാനത്തിൽ സർക്കാർ എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1969-ലെ കേരള സഹകരണ നിയമം 69, 70, 70 (എ) എന്നീ വകുപ്പുകൾ പ്രകാരവും 67, 68 എന്നീ ചട്ടങ്ങൾ പ്രകാരവും ആർബിട്രേറ്റർക്ക് / ആർബിട്രേഷൻ കോടതിക്ക് ആർബിട്രേഷൻ കേസുകൾ കേൾക്കാനും, തീർപ്പാക്കി വിധി നൽകുന്നതിനുമുള്ള അധികാരങ്ങൾ ഉണ്ട്. കേരള സഹകരണ നിയമം വകുപ്പ് 98-ൽ വിവക്ഷിക്കുന്ന പ്രകാരം, 1908-ലെ സിവിൽ പ്രൊസീജ്വർ കോഡ് അനുസരിച്ച് കേസുകൾ കേൾക്കുന്നതിന് സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും, ആർബിട്രേറ്റർ എന്ന നിലയിൽ, ഏതെങ്കിലും വ്യക്തിയെ സമൻസയച്ച് വിളിച്ചുവരുത്തി അദ്ദേഹത്തിന്റെ സത്യവാങ്മൂലം വാങ്ങുന്നതിനും, ഏതെങ്കിലും പ്രമാണങ്ങൾ കണ്ടുപിടിച്ച് ഹാജരാക്കുന്നതിന് ആവശ്യപ്പെടുന്നതിനും സത്യവാങ്മൂലം വഴി തെളിവുകൾ സ്വീകരിക്കുന്നതിനും സാക്ഷിയുടെ വിസ്താരത്തിനായി കമ്മീഷനെ നിയമിക്കുന്നതിനും അധികാരമുണ്ട്.

കേരള സഹകരണ നിയമം 76, 77, 78, 79 എന്നീ വകുപ്പുകൾ പ്രകാരവും, സഹകരണ ചട്ടം 74 മുതൽ 94 വരെയുള്ള ചട്ടങ്ങൾ പ്രകാരവും വിധിയുടമയ്ക്ക് വിധി നടപ്പാക്കുന്നതിലേയ്ക്ക് അപേക്ഷിച്ച്, വിധി കടക്കാരന്റെ സ്ഥാവര ജംഗമ വസ്തുക്കൾ ജപ്തി ചെയ്ത് ലേല നടപടികൾ സ്വീകരിച്ച് വിധി തുക ഈടാക്കാനുള്ള അധികാരവുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly